ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.എസ്പിസി(1)/92908/2017/എച്ച്.എസ്.ഇ തീയതി: 17/01/2019

## സർക്കുലർ

വിഷയം: ഹ.സെ.വി.- പ്ലസ്വൺ, പ്ലസ്ടു വിഭാഗം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് 2009-10 മുതൽ 2017-18 വരെയുള്ള അധ്യയന വർഷങ്ങളിലെ കുടിശ്ശിക തുക സീ-ആപ്റ്റിന് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന: 07/01/2019 ലെ സീ-ആപ്റ്റ്/3278/18/ടി.ബി.കെ. നമ്പർ കത്ത്.

പ്ലസ്വൺ, പ്ലസ്ടു വിഭാഗം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവുമായി ബന്ധപ്പെട്ട് 2009-10 മുതൽ 2017-18 വരെയുള്ള കാലഘട്ടങ്ങളിൽ സീ-ആപ്റ്റിന് ഏകദേശം 11 കോടിയോളം രൂപ കുടിശ്ശിക തുകയിനത്തിൽ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നായി പിരിഞ്ഞുകിട്ടാനുണ്ട്. ടി. തുക ലഭ്യമാക്കണമെന്നു കാണിച്ച് സീ-ആപ്റ്റിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക അച്ചടി വൈകാതെ തുടങ്ങേണ്ട തിനാൽ ബന്ധപ്പെട്ട സ്കൂളുകൾ അവരവരുടെ കുടിശ്ശിക തുക യാതൊരു വീഴ്ചയും കൂടാതെ അടിയന്തിരമായി 19/01/2019 (ശനിയാഴ്ച)-നകം സീ-ആപ്റ്റിന് അടച്ചുതീർക്കേണ്ടതാണ്. തുക അടവാക്കിയതിന്റെ വിശദാംശ ങ്ങൾ ബന്ധപ്പെട്ട മേഖലാ ഉപഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും മേഖലാ ഉപഡയറക്ടർമാർ ടി. വിവരം സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. കുടിശ്ശിക തുക നൽകാനുള്ള ഹയർ സെക്കൻഡറി സ്കൂളുകളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

**എല്ലാ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്കും**
**റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.**